പത്രക്കുറിപ്പ്
**29-3-2017**

പ്രധാനമന്ത്രി ആവാസ് യോജന
കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ഭവന പദ്ധതി:

# ഈ സാമ്പത്തിക വർഷം 769.62 കോടി രൂപയുടെ ഭവനനിർമാണ പദ്ധതിക്ക് കേന്ദ്രാനുമതി

തിരുവനന്തപുരം: കുടുംബശ്രീ മുഖേന സംസ്ഥാനത്തെ നഗരങ്ങളിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജനയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം ഇതുവരെ 769.62 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചു. ഈ മാസം 21-ന് കേന്ദ്രാനുമതി ലഭിച്ച 54 നഗരസഭകളുടെ 363.69 കോടി രൂപയുടെ പദ്ധതിയും കൂടി ചേർത്താണിത്. ഇതുപ്രകാരം സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ 25654 വീടുകളുടെ നിർമാണത്തിന് അനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ അയ്യായിരത്തോളം ഭവനങ്ങളുടെ നിർമാണം അതിവേഗം പുരോഗമിക്കുകയാണ്.

നടപ്പു സാമ്പത്തികവർഷം നഗരപ്രദേശത്തെ ഭവനരഹിതർക്കായി 25000 വീടുകൾ എന്നതാണ് കുടുംബശ്രീ ലക്ഷ്യമിട്ടിരുന്നത്. ഈ മാസം അനുതി ലഭിച്ച പദ്ധതികൾ കൂടി ചേർത്ത് കുടുംബശ്രീക്ക് ഈ ലക്ഷ്യം മറികടക്കാൻ കഴിഞ്ഞിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം നഗരപ്രദേശത്തെ ഭവനരഹിതർക്കായി 20000 വീടുകളാണ് കുടുംബശ്രീയുടെ ലക്ഷ്യം. ഇതുവഴി അടുത്ത ഒരു വർഷത്തിനുള്ളിൽ നഗരപ്രദേശത്തെ ഒരു സെന്റ് ഭൂമിയെങ്കിലുമുള്ള ഭവനരഹിതർക്ക് സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. സ്വന്തമായി ഭൂമിയില്ലാത്തവർക്കായി ലൈഫ് -സമ്പൂർണ പാർപ്പിട പദ്ധതിയുടെ ഭാഗമായി ഷെൽട്ടർ സംവിധാനവുമൊരുക്കും.

ഒരു നഗരസഭയിൽ നിന്നും ഒരു പദ്ധതിയെങ്കിലും ലക്ഷ്യമിട്ടാണ് കുടുംബശ്രീ ഈ വർഷത്തെ കർമപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇത് സാക്ഷാത്കരിക്കാൻ കുടുംബശ്രീക്കു കഴിഞ്ഞിട്ടുണ്ട്. പദ്ധതി പ്രകാരം ഭവനനിർമാണത്തിന് ഏറ്റവും കൂടുതൽ ഭവനങ്ങൾക്ക് അനുമതി ലഭിച്ചത് ആലപ്പുഴയിലാണ്. ഇവിടെ 2278 വീടുകൾ നിർമിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്.

നഗരപ്രദേശങ്ങളിൽ കുറഞ്ഞത് ഒരു സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ഭവനരഹിതർക്ക് വീടുനിർമിക്കുന്നതിന് മൂന്നു ലക്ഷം രൂപ അനുവദിക്കുന്ന ഗുണഭോക്തൃ കേന്ദ്രീകൃത നിർമാണം എന്ന പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തിയാണ് വീടുകൾക്ക് അനുമതി. ആദ്യഘട്ടത്തിൽ അംഗീകാരം ലഭിച്ച പദ്ധതികളുടെ കേന്ദ്രവിഹിതത്തിന്റെ ആദ്യഗഡുവായി 50.69 കോടിയും സംസ്ഥാന വിഹിതത്തിന്റെ ആദ്യഗഡുവായി 16.9 കോടിയും കുടുംബശ്രീക്ക് ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നോഡൽ ഏജൻസിയാണ് കുടുംബശ്രീ.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ